**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 4517

13/11/2019-ൽ മറുപടി നൽകേണ്ടിയിരുന്നത്

**ക്ഷീര സഹകരണ സ്ഥാപനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ എൻ.എ. നെല്ലിക്കുന്ന് | (മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ എത്ര ക്ഷീര സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) കേരളത്തിൽ 3673 ക്ഷീരസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം | ജില്ല | ആപ്കോസ് | നോൺ ആപ്കോസ് | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 344 | 78 | 422 |
| 2 | കൊല്ലം | 283 | 62 | 345 |
| 3 | പത്തനംതിട്ട | 188 | 16 | 204 |
| 4 | ആലപ്പുഴ | 248 | 21 | 269 |
| 5 | കോട്ടയം | 256 | 26 | 282 |
| 6 | ഇടുക്കി | 195 | 15 | 210 |
| 7 | എറണാകുളം | 326 | 14 | 340 |
| 8 | തൃശ്ശൂർ | 232 | 59 | 291 |
| 9 | പാലക്കാട് | 329 | 21 | 350 |
| 10 | മലപ്പുറം | 259 | 27 | 286 |
| 11 | കോഴിക്കോട് | 237 | 15 | 252 |
| 12 | വയനാട് | 54 | 2 | 56 |
| 13 | കണ്ണൂർ | 169 | 54 | 223 |
| 14 | കാസർഗോഡ് | 136 | 7 | 143 |
| | **ആകെ** | **3256** | **417** | **3673** |

(ബി) പ്രസ്തുത ക്ഷീര സഹകരണ സ്ഥാപനങ്ങൾ മുഴുവൻ ലാഭത്തിൽ പ്രവർത്തിക്കുന്നവയാണോ എന്ന് വ്യക്തമാ ക്കാമോ; ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സ്ഥാപന ങ്ങളുടെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) എല്ലാ സംഘങ്ങളും ലാഭത്തിലല്ല പ്രവർത്തിക്കുന്നത്. ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

| ക്രമ നം | ജില്ല | പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങൾ | ലാഭത്തിൽ പ്രവർത്തിക്കുന്നവ |
|---|---|---|---|
| 1 | തിരുവനന്തപുരം | 353 | 286 |
| 2 | കൊല്ലം | 303 | 242 |
| 3 | പത്തനംതിട്ട | 175 | 136 |
| 4 | ആലപ്പുഴ | 243 | 200 |
| 5 | കോട്ടയം | 245 | 193 |
| 6 | ഇടുക്കി | 194 | 163 |
| 7 | എറണാകുളം | 317 | 247 |
| 8 | തൃശ്ശൂർ | 243 | 192 |
| 9 | പാലക്കാട് | 328 | 295 |
| 10 | മലപ്പുറം | 250 | 195 |
| 11 | കോഴിക്കോട് | 252 | 201 |
| 12 | വയനാട് | 56 | 50 |
| 13 | കണ്ണൂർ | 218 | 194 |
| 14 | കാസർഗോഡ് | 143 | 114 |
| | **ആകെ** | **3320** | **2708** |

(സി) പ്രസ്തുത ക്ഷീര സഹകരണ സ്ഥാപനങ്ങളുടെ നിലനിൽപ്പിനും സുഗമമായ പ്രവർത്തനത്തിനും സർക്കാർ ചെയ്തു വരുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിന് 2019-20 വർഷത്തിൽ 2050 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | പാൽ സംഭരണ മുറി സ്ഥാപിക്കുന്നതിന് | 375000 |
| 2 | ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള സഹായം | 375000 |
| 3 | AMC യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം | 110000 |
| 4 | ഫാർമർ ഫെസിലിറ്റേഷൻ കം | 525000 |

| | | |
|---|---|---|
| | ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള സഹായം | |
| 5 | മിൽക്ക് ട്രാൻസ്പോർട്ടേഷൻ നടത്തുന്നതി നുള്ള സഹായം | 35000 |
| 6 | ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി | 35000 |
| 7 | ക്ഷീര സംഘങ്ങൾ വഴി പച്ചപ്പുല്ല് / വയ്ക്കോൽ വിതരണം ചെയ്യുന്നതിനുള്ള സഹായം | 100000 |
| 8 | ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം | 120000 |
| 9 | ക്ഷീരസംഘങ്ങൾക്ക് FSSA നടപ്പിലാക്കുന്ന തിനുള്ള സഹായം | 45000 |
| 10 | പുതിയ ക്ഷീര സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള സഹായം | 61500 |
| 11 | പ്രവർത്തന രഹിതമായ ക്ഷീര സംഘങ്ങൾ പുനഃരുദ്ധരിക്കുന്നതിനുള്ള സഹായം | 61500 |

ക്ഷീര സഹകരണ സംഘങ്ങൾക്ക് മഴവെള്ള സംഭരണി, സൗരോർജ്ജ സംവിധാനം, എഫ്ലുവന്റ് ട്രീറ്റ്മെന്റ് സംവിധാനം എന്നിവ സ്ഥാപിക്കുന്നതിന് പ്രത്യേക പദ്ധതികളും ഈ വർഷം നടപ്പിലാക്കുന്നുണ്ട്. കൂടാതെ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നതിനുമായി ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കുന്ന പദ്ധതിയും പൂർത്തിയായി വരുന്നു. ക്ഷീര സംഘങ്ങൾക്ക് ശീതീകരണ സംവിധാനവും കാലിത്തീറ്റ ഉൽപ്പാദനത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമായി കോർപ്പസ് ഫണ്ടും നൽകുന്നുണ്ട്. സംസ്ഥാനത്തെ ക്ഷീര സഹകരണ മേഖലയെ ശക്തിപ്പെടുത്തി കൂടുതൽ പേരെ സഹകരണ മേഖലയിലേക്ക് കൊണ്ടുവരുന്നത് ഉദ്ദേശിച്ച് സമഗ്ര സഹകരണ പ്രചരണ പരിപാടിയും ഈ വർഷം നടപ്പിലാക്കുന്നു.

(ഡി) സംസ്ഥാനത്ത് ക്ഷീര സഹകരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും അവർക്ക് ലഭിക്കുന്ന വേതനങ്ങളും എന്താണെന്ന് വിശദമാക്കാമോ?

(ഡി) ഏകദേശം 6700 സ്ഥിരം ജീവനക്കാരാണുള്ളത്, പ്രധാനമായും സെക്രട്ടറി, ലാബ് അസിസ്റ്റന്റ്, പ്രൊക്യൂർമെന്റ് അസിസ്റ്റന്റ് എന്നീ തസ്തികകളാണുള്ളത്. സംഘം സംഭരിക്കുന്ന പാൽ, വാർഷിക വിറ്റുവരവ്, വ്യാപര ലാഭം എന്നിവയുടെ അടിസ്ഥാനത്തിലാണ് ക്ഷീരസംഘങ്ങളെ വിവിധ ക്ലാസുകളായി തരംതിരിച്ച് വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാനത്തെ പ്രാഥമിക ക്ഷീര സഹകരണ സംഘം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ 26/02/2021-ലെ സ.ഉ. (അച്ചടി) നം. 11/2021/ഡിഡി പ്രകാരം 01/01/2019 മുതൽ പ്രബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**